- രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്
- കുടുംബത്തെ നന്നായി അറിയുന്ന വ്യക്തികൾ നൽകുന്ന രണ്ട് നാമനിർദ്ദേശ കത്തുകൾ
- വരുമാന സർട്ടിഫിക്കറ്റ്
- ബാങ്ക് സ്റ്റേറ്റ്മെന്റ്
- ദമ്പതികൾക്ക് നേരത്തെ ദത്തെടുത്ത കുട്ടിയോ കുട്ടികളോ ഉണ്ടെങ്കിൽ അതിന്റെ രേഖ
- ഏക മാതാവോ പിതാവോ ആണ് ദത്തെടുക്കുന്നതെങ്കിൽ വിവാഹ മോചനരേഖ (If Applicable)
- ഒറ്റയ്ക്കുള്ള മാതാവോ പിതാവോ ദത്തെടുക്കയാണെങ്കിൽ ഏറ്റവുമടുത്ത ബന്ധുവിന്റെ കത്ത്

**തുടർ അന്വേഷണങ്ങൾ** (POST ADOPTION FOLLOW UP)

പ്രി അഡോപ്ഷൻ ഫോസ്റ്റർ കെയറിൽ കുട്ടിയെ സ്വീകരിക്കുന്നതു മുതൽ രണ്ടു വർഷക്കാലത്തേക്ക് ആറു മാസത്തിലൊരിക്കൽ സ്പെഷലൈസ്ഡ് അഡോപ്ഷൻ ഏജൻസി തുടർഅന്വേഷണ സന്ദർശനങ്ങൾ നടത്തേണ്ടതാണ്.

**ദത്തെടുക്കലിനെക്കുറിച്ച് അറിയാൻ കുഞ്ഞിന് അവകാശമുണ്ട്**

സ്വയം അറിയാനുള്ള അവകാശം ന്യായവും നീതി യുക്തവുമാണ്. അതിനാൽ ദത്തെടുക്കപ്പെടുന്ന കുഞ്ഞിന് തന്റെ ദത്തെടുക്കൽ അവസ്ഥയെക്കുറിച്ച് അറിയാൻ അവകാശമുണ്ട്. തങ്ങൾ ദത്തെടുക്കപ്പെട്ടവരാണെന്ന് മാതാപിതാക്കളിൽ നിന്നുതന്നെ കുഞ്ഞുങ്ങൾ അിറഞ്ഞിരിക്കുന്നതാണ്. ഉത്തമം. അവരിൽ നിന്നുതന്നെ അറിയുമ്പോൾ യാഥാർത്ഥ്യത്തെ അംഗീകരിക്കാനും അതുമായി പൊരുത്തപ്പെടാനും കുട്ടികൾക്ക് എളുപ്പമായിരിക്കും

കൂടുതൽ വിവരങ്ങൾക്കായ്

**ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്** (DCPU)
സിവിൽ സ്റ്റേഷൻ ഡി - ബ്ലോക്ക്, സെക്കന്റ് ഫ്ളോർ,
വിദ്യാനഗർ, കാസറഗോഡ്.
ഫോൺ: 04994 256990 , Email: dcpuksd@gmail.com

**കേരളസർക്കാർ**
**വനിതാ ശിശുവികസന വകുപ്പ്**
**സംയോജിത ശിശുസംരക്ഷണ പദ്ധതി**
**ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് , കാസറഗോഡ്**

# ഓരോ കുഞ്ഞിനും ഒരു കുടുംബം



## ദത്തെടുക്കലിലൂടെ.... മാതൃപിതൃവാത്സല്യം.....

**ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്** (DCPU)
സിവിൽ സ്റ്റേഷൻ ഡി - ബ്ലോക്ക്, സെക്കന്റ് ഫ്ളോർ,
വിദ്യാനഗർ, കാസറഗോഡ്.
ഫോൺ: 04994 256990 , Email: dcpuksd@gmail.com

## ദത്തെടുക്കൽ – സ്നേഹപൂരിതമായൊരു ബന്ധം

ജൻമം നൽകിയ മാതാപിതാക്കളിൽ നിന്ന് കുഞ്ഞിനെ സ്ഥിരമായി വേർപെടുത്തുകയും ഏറ്റെടുക്കുന്ന മാതാപിതാക്കളിൽ നിന്ന് നിയമപരമായി എല്ലാ അവകാശങ്ങളും അധികാരങ്ങളും ഉത്തരവാദിത്വങ്ങളും (JJ ACT 2015) കുഞ്ഞിന് ലഭ്യമാക്കുകയും ചെയ്യുന്ന നടപടിയാണ് ദത്തെടുക്കൽ

## റഫറൽ മാച്ചിംഗ്

അപേക്ഷകരുടെ മുൻഗണന അനുസരിച്ച്6 കുട്ടികളുടെ വരെ ഫോട്ടോയും ചൈൽഡ് സ്റ്റഡി റിപ്പോർട്ടും മെഡിക്കൽ എക്സാമിനേഷൻ റിപ്പോർട്ടും ഓൺലൈനായി കാണാവുന്നതാണ്.

കുട്ടികളെ കണ്ട് 48 മണിക്കൂറിനകം അതിൽ ഏതെങ്കിലും ഒരു കുട്ടിയെ അപേക്ഷകർ റിസർവ്ചെയ്യണം. അല്ലാത്ത പക്ഷം സീനിയോറിറ്റി ലിസ്റ്റിൽ പുറകിലേക്ക് പോകുന്നതായിരിക്കും. കുട്ടിയെ റിസർവ് ചെയ്ത് 15 ദിവസത്തിനകം കുട്ടി നിൽക്കുന്ന അംഗീകൃത ദത്തെടുക്കൽ കേന്ദ്രത്തിലെ അഡോപ്ഷൻ കമ്മിറ്റിയുടെ മുൻപാകെ ഹാജരാകണം. അഡോപ്ഷൻ കമ്മിറ്റി അപേക്ഷകരുടെ രേഖകൾ പരിശോധിച്ച് കുട്ടിയെ നേരിട്ടു കാണാനുള്ള അവസരം സൃഷ്ടിക്കും. അപേക്ഷകർക്ക് കുട്ടിയെ ഇഷ്ടപ്പെടുകയാണെങ്കിൽ സ്ഥാപനത്തിലെ സോഷ്യൽ വർക്കറുടെയോ അധികാരികളുടെയോ സാന്നിദ്ധ്യത്തിൽ ചൈൽഡ് സ്റ്റഡി റിപ്പോർട്ടിലും മെഡിക്കൽ എക്സാമിനേഷൻ റിപ്പോർട്ടിലും അപേക്ഷകർ ഒപ്പുവെക്കണം

## ദത്തെടുക്കൽ നടപടിക്രമങ്ങൾ

### ആരെയൊക്കെ ദത്തെടുക്കാം

അനാഥരും മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെട്ടവരും ഏൽപിച്ചു കൊടുക്കുന്നവരുമായ കുഞ്ഞുങ്ങളെയാണ് ഭാരതസർക്കാരിന്റെ CARA മാർഗ്ഗനിർദ്ദേശ പ്രകാരം ദത്തെടുക്കാവുന്നതാണ്.

### ആർക്കൊക്കെ ദത്തെടുക്കാം

വിവാഹ പദവി കണക്കിലെടുക്കാതെ ഏതൊരു വ്യക്തിക്കും കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്കും സ്വന്തം മക്കളുള്ള മാതാപിതാക്കൾക്കും ദത്തെടുക്കാവുന്നതാണ്. വിശദവിവരങ്ങൾ
**www.cara.nic.in** ൽ ലഭ്യമാണ്.

| **അപേക്ഷകരായ 2 പേരുടെ പരമാവധി സമ്മിശ്ര വയസ്സ്** | **ലഭിക്കുന്ന കുട്ടിയുടെവയസ്സ്** |
|---|---|
| 90 | 4 വയസ്സിന് താഴെ |
| 100 | 4 - 8 വയസ്സിനുമിടയിൽ |
| 110 | 8 - 18 വയസ്സിനുമിടയിൽ |

## ഏക രക്ഷിതാവ്

| **അപേക്ഷകരായ ഏക രക്ഷിതാവിന്റെ കുട്ടിയുടെവയസ്സ്** | **ലഭിക്കുന്ന പരമാവധി വയസ്സ്** |
|---|---|
| 45 | 4 വയസ്സിന് താഴെ |
| 50 | 4 - 8 വയസ്സിനുമിടയിൽ |
| 55 | 8 - 18 വയസ്സിനുമിടയിൽ |

## എങ്ങനെയാണ് ദത്തെടുക്കുക

ഇന്ത്യയിൽ താമസിക്കുന്ന, ദത്തെടുക്കാൻ സന്നദ്ധരായ അപേക്ഷകർ www.cara.nic.in ൽ ഓൺലൈനായി രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ സ്വീകരിച്ചതിന്റെ സ്ലിപ്പ് പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്ത് 30 ദിവസത്തിനകം ആവശ്യമായ രേഖകൾ സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്യണം. അതിനുശേഷം അപേക്ഷകർ രജിസ്റ്റർ ചെയ്ത സ്ലിപ്പുമായി അംഗീകൃത ദത്തെടുക്കൽ കേന്ദ്രത്തിനെ സമീപിക്കുക. സ്ഥാപനത്തിലെ സോഷ്യൽ വർക്കറോ, ജില്ലാ ശിശുസംരക്ഷണ യൂണിറ്റിലെ സോഷ്യൽ വർക്കറോ അപേക്ഷകരെക്കുറിച്ചുള്ള പഠനം നടത്തി ഹോം സ്റ്റഡി റിപ്പോർട്ട് സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്യുന്നതാണ്.

## നിയമപരമല്ലാത്ത ദത്തെടുക്കൽകുറ്റകരമാണ്.

അനധികൃത മാർഗ്ഗങ്ങളിലൂടെ കുട്ടികളെ കൈമാറ്റം ചെയ്യുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ബാലനീതി നിയമം - 2015 പ്രകാരം 3 വർഷം വരെ തടവോ, ഒരു ലക്ഷം രൂപ പിഴയോ, രണ്ടും കൂടിയോ ഉള്ള ശിക്ഷ ലഭിക്കുന്നതാണ്.

## ദത്തെടുക്കലിന് പാലിക്കേണ്ട നിയമങ്ങൾ

1. J.J Act 2015 (ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015)
2. HAMA 1956 (ഹിന്ദു അഡോപ്ഷൻ ആന്റ് മെയിന്റനെൻസ് ആക്റ്റ്)

## ആവശ്യമായ രേഖകൾ

- ഐഡന്റിറ്റി തെളിയിക്കുന്നതിനുള്ള രേഖ
- ഇന്ത്യയിൽ 365 ദിവസത്തിലധികം താമസിച്ചിട്ടുണ്ടെന്ന് സൂചിപ്പിച്ചു കൊണ്ടുള്ള വിലാസം തെളിയിക്കുന്ന രേഖ
- ജനന സർട്ടിഫിക്കറ്റ്
- പാൻകാർഡ്
- വിവാഹ സർട്ടിഫിക്കറ്റ്
- ഫാമിലി ഫോട്ടോ